പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1275

01.07.2015-ൽ
മറുപടിക്ക്

# രജിസ്ട്രേഷൻ വകുപ്പിലെ വിവിധ സേവനങ്ങൾക്കുള്ള ഫീസുകളുടെ വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ലതിക | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിലെ വിവിധ സേവനങ്ങൾക്കുള്ള ഏതെല്ലാം ഫീസുകളാണ് വർദ്ധിപ്പിച്ചിട്ടുള്ളത് ; | എ) 1. 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് പ്രകാരം വിവിധ ഇനങ്ങളിന്മേൽ പിഴ ഈടാക്കുന്നതിനുള്ള ഫീസ് 2013-ലെ ഫിനാൻസ് ബിൽ പ്രകാരം വർദ്ധിപ്പിക്കുകയും 2014-ലെ ഫിനാൻസ് ബിൽ പ്രകാരം ആയത് കുറച്ച് ഉത്തരവാകുകയും ചെയ്തു. വിശദവിവരം അനുബന്ധം (I) ആയി ചേർത്തിരിക്കുന്നു.<br>2. 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 23.09.2014-ലെ G.O.(P) No.409/14/Fin. നമ്പർ ഉത്തരവിലൂടെ 50% വർദ്ധിപ്പിച്ചു. നിലവിൽ 25 രൂപയായിരുന്നത് 38 രൂപയായി വർദ്ധിപ്പിച്ചു. ടി ഉത്തരവിലൂടെ 2005-ലെ വിവരാവകാശ നിയമത്തിലെ 4(2) വകുപ്പ് പ്രകാരം ഫ്ളോപ്പി, സി.ഡി. മറ്റേതെങ്കിലും ഇലക്ട്രോണിക് രൂപത്തിൽ വിവരങ്ങൾ നൽകുന്നതിനുള്ള ഫീസ് 50% |

വർദ്ധിപ്പിച്ചു. നിലവിൽ 50 രൂപയായിരുന്നത് 75/- രൂപയായി വർദ്ധിച്ചു. ടി ഉത്തരവ് അനുബന്ധം (II) ആയി ചേർത്തിരിക്കുന്നു.

3. ഫേം രജിസ്ട്രേഷന് രജിസ്ട്രേഷൻ ഫീസ് 15 രൂപയിൽനിന്ന് 500/- രൂപയായും ഭേദഗതി (change) ഫയൽ ചെയ്യുന്നതിന് 5 രൂപയിൽനിന്ന് 200/- രൂപയായും തെരച്ചിലിന് 2 രൂപയിൽനിന്ന് 50/- രൂപയായും പകർപ്പിന് 10 രൂപയിൽനിന്ന് 100/- രൂപയായും 18.10.2013-ലെ 22657/Leg.A2/2011/Law നമ്പർ വിജ്ഞാപന പ്രകാരം വർദ്ധിപ്പിക്കുകയുണ്ടായി. ടി വിജ്ഞാപനം അനുബന്ധം (III) ആയി ചേർത്തിരിക്കുന്നു.
4. ചിട്ടി ഫീസുകൾ G.O(P) 209/2013/TD തീയതി 18.12.2013 നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചുവെങ്കിലും ടി ഉത്തരവ് ബഹു: ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ വർദ്ധനവ് നിലവിൽ വന്നിട്ടില്ല. ടി ഉത്തരവ് അനുബന്ധം (IV) ആയി ചേർത്തിരിക്കുന്നു.
5. 29.03.2012-ലെ G.O.(P) 8/12/Law. 26.11.13-ലെ G.O.(P) 7/2013/Law നമ്പർ വിജ്ഞാപനങ്ങൾ പ്രകാരം 1954-ലെ സ്പെഷ്യൽ മാര്യേജ് ആക്റ്റ് പ്രകാരമുള്ള വിവിധ സേവനങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിച്ചു. ടി ഉത്തരവുകൾ അനുബന്ധം (V) (a) യും (V) (b) യും ആയി ചേർത്തിരിക്കുന്നു.
6. 27.04.2013-ലെ G.O.(P) No.88/2013/TD നമ്പർ വിജ്ഞാപന പ്രകാരം രജിസ്ട്രേഷൻ ഫീസ് പട്ടിക

പ്രകാരമുള്ള വിവിധ സേവന നിരക്കുകളിൽ വർദ്ധനവ് വരുത്തിയിട്ടുള്ളതാണ്. വിശദവിവരം അനുബന്ധം (VI) ആയി ചേർത്തിരിക്കുന്നു.

7. 22.04.2015-ലെ G.O(P) No.66/2015/TD നമ്പർ വിജ്ഞാപനത്തിലൂടെ രജിസ്ട്രേഷൻ ഫീസ് പട്ടിക പ്രകാരമുള്ള വിവിധ സേവന നിരക്കുകളിൽ വർദ്ധനവ് വരുത്തി. വിശദവിവരം അനുബന്ധം (VII) ആയി ചേർത്തിരിക്കുന്നു.

ബി) ഓരോ ഘട്ടത്തിലും വർദ്ധിപ്പിച്ച ഫീസ് നിരക്കും അതിന് മുമ്പുണ്ടായിരുന്ന ഫീസും എത്രയെന്ന് വിശദമാക്കാമോ ;

ബി) വിവിധ ഇനങ്ങളുടെ വർദ്ധിപ്പിച്ച ഫീസ് നിരക്കുകൾ, വർദ്ധനവ് നിലവിൽ വരുന്നതിനു മുമ്പുണ്ടായിരുന്ന ഫീസ് നിരക്കുകൾ എന്നിവ അനുബന്ധം (VIII) ആയി ചേർത്തിരിക്കുന്നു.

സി) കുടുംബാംഗങ്ങൾ തമ്മിലുള്ള വസ്തുക്കൈമാറ്റം രജിസ്റ്റർ ചെയ്യുന്നതിന് ഈടാക്കുന്ന ഫീസ് എത്ര ; സ്റ്റാമ്പ് ഡ്യൂട്ടി നിരക്കെത്ര ?

സി) കുടുംബാംഗങ്ങളുടെ ഭാഗപത്രം, ഒഴിമുറി എന്നീ ആധാരങ്ങൾക്ക് ഫെയർവാല്യൂ പ്രകാരമുള്ള വില / ഫെയർവാല്യൂ പ്രകാരം ആധാരത്തിൽ പ്രസ്താവിച്ചിട്ടുള്ള തുക, ഇവയിൽ ഏതാണോ കൂടുതൽ ആയതിന്റെ 1% എന്നതിനു വിധേയമായി പരമാവധി 1000/- രൂപയും ദാനം, ധനനിശ്ചയം എന്നിവയ്ക്ക് വിലയുടെ 2% എന്നതിനു വിധേയമായി പരമാവധി 1000/- രൂപയുമാണ് സ്റ്റാമ്പ് ഡ്യൂട്ടി നൽകേണ്ടത്.

08.10.2014-ലെ G.O.(P) No. 172/2014/TD നമ്പർ വിജ്ഞാപനത്തിലൂടെ കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ദാനം, ഒഴിമുറി, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് മൂല്യം / ന്യായവില, ഇവയിൽ ഏതാണോ കൂടുതൽ ആയതിന്റെ, 1% ആണ്.

സെക്ഷൻ ഓഫീസർ